പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 69 — 09.08.2017-ലെ മറുപടിക്ക്

ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ഡോ.എം.കെ. മുനീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.അബ്ദുൽ ഹമീദ് പി. | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധജലം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് പുറമെ പുതിയ പദ്ധതികളും വിഭാവനം ചെയ്തു വരുന്നു.<br><br>ലോകബാങ്ക് ധനസഹായത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി കുടിവെള്ള ക്ഷാമം നേരിടുന്ന 115 ഗ്രാമപഞ്ചായത്തുകളിൽ വിവിധ ബാച്ചുകളിലായാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 3 ലക്ഷത്തോളം കുടുംബങ്ങൾക്ക് വീടുകളിൽ കുടിവെള്ളം എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി 23 പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>(ബി) & (സി) 2017-18-ൽ ബജറ്റിൽ കിഫ്ബി ധന സഹായത്തോടുകൂടി നടപ്പിലാക്കുന്നതിനായി 41 പദ്ധതികൾക്ക് [illegible] കോടി രൂപയും ബജറ്റ് പ്രസംഗത്തിൽ ഒരു പദ്ധതിക്ക് 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ സാധ്യതാ പഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽപ്പറഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.<br><br>കൂടാതെ കേന്ദ്ര - സംസ്ഥാന സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരസഭകളിൽ 2016-17, 2017-18 എന്നീ ആക്ഷൻ പ്ലാനുകളിൽ ആയി യഥാക്രമം 340.84 കോടി രൂപയും 448.44 കോടി രൂപയും ഉള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. നബാർഡ്, സ്റ്റേറ്റ് പ്ലാൻ, [illegible] ബ്ലോക്ക് എന്നിവയിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം 4-ൽ ചേർത്തിരിക്കുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏറ്റെടുത്തതും പൂർത്തീകരിച്ചതുമായ ജലനിധി കുടിവെള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. |

| നം | ഇനം | യൂണിറ്റ് | 2016 മെയ് 2017 ജൂൺ കാലയളവിനുള്ളിൽ കൈവരിച്ച നേട്ടങ്ങൾ | പദ്ധതിയുടെ 30.06.17 വരെയുള്ള മൊത്തത്തിലുള്ള നേട്ടങ്ങൾ |
|---|---|---|---|---|
| 1 | സാങ്കേതികാനുമതി നടപ്പാക്കുന്ന പദ്ധതികൾ | എണ്ണം | 305 | 2168 |
| 2 | കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികൾ | | 292 | 1448 |
| 3 | കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികളിലെ കുടുംബങ്ങൾ | എണ്ണം | 29045 | 106878 |
| 4 | കമ്മീഷൻ ചെയ്ത പദ്ധതികളിലെ ഗുണഭോക്താക്കൾ | എണ്ണം | 129736 | 471725 |
| 5 | KWA/GP പുനരുദ്ധാരണ പദ്ധതികൾ | എണ്ണം | 56 | 336 |
| 6 | കമ്മീഷൻ ചെയ്ത ബ്രഹദ് കുടിവെള്ള പദ്ധതികൾ | എണ്ണം | 1 | 4 |
| 7 | ഭൂജല പരിപോഷണ പ്രവർത്തികൾ | എണ്ണം | 113 | 1438 |

സി ഇവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ജലനിധി പദ്ധതി രണ്ടാംഘട്ടത്തിൽ ഇതിനകം ഏറ്റെടുത്ത പദ്ധതികൾ എല്ലാം തന്നെ 2018 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുകൂടാതെ, നിലവിൽ കേരള ജല അതോറിറ്റിയിൽ അധികമായി ലഭ്യമായിട്ടുള്ള ശുദ്ധീകരിച്ച ബൾക്ക് വാട്ടർ ഉപയോഗിച്ച് 61 പഞ്ചായത്തുകളിൽ കൂടി ഗ്രാമ പഞ്ചായത്തുകളുടേയും ഗുണഭോക്തൃ സമിതികളുടേയും പങ്കാളിത്തത്തോടെ ഗ്രാമീണ ജനങ്ങൾക്ക് അവരുടെ വീടുകളിൽ വാട്ടർ കണക്ഷനുകൾ നല്കുന്നതിന് ജലനിധി മുഖേന ഒരു പുതിയ പദ്ധതി നടപ്പിലാക്കാൻ ലോകബാങ്കിൽ നിന്നും ഏകദേശം 1000 കോടി രൂപ കൂടി വായ്പ സ്വീകരിക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

RenukaSankar
സെക്ഷൻ ഓഫീസർ

കിഫ്ബി 2016-17 പദ്ധതികൾ അനുബന്ധം-1

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക കോടിയിൽ | പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന വര്ഷം |
|---|---|---|---|
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35.00 | 2019 |
| 2 | തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 58.00 | 2020 |
| 3 | കൊല്ലം കോർപ്പറേഷന് രണ്ടാംഘട്ടം കടിവെള്ള പദ്ധതി വിപുലീകരണം | 235.00 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |
| 4 | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കടിവെള്ള പദ്ധതി-ഒന്നാം ഘട്ടം | 76.00 | 2019 |
| 5 | പൊന്നാനിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി യുള്ള സമഗ്ര കടിവെള്ള പദ്ധതി | 74.40 | 2019 |
| 6 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതി | 85.00 | 2018 |
| 7 | തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതി വിപുലീകരണം | 34.00 | 2020 |
| 8 | കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതി വിപുലീകരണം | 50.00 | 50 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണ ശാല NRDWP -ൽ വിജയപുരം പദ്ധതിക്കുവേണ്ടി നേരത്തെ ടെണ്ടർ ചെയ്തിരുന്നു.എന്നാൽ ഇതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ തുടർനടപടികൾക്ക് അന്തിമ വിധിന്യായം വരേണ്ടതുണ്ട്. അതിനുശേഷം മാത്രമേ കിഫ്ബി പദ്ധതിയുടെ പണികൾ തുടങ്ങുവാൻ സാധ്യതയുള്ളൂ. |
| 9 | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കടിവെള്ള പദ്ധതി ഒന്നാം ഘട്ടം | 185.00 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |

| | | | |
|---|---|---|---|
| 10 | മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 76.60 | 2019 |
| 11 | ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം | 16.5 | 2019 |
| 12 | കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി – വിതരണശൃംഖല മെച്ച പ്പെടുത്തൽ, | 12.00 | 2018 |
| 13 | മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ, | 18.00 | 2018 |
| 14 | തിരുവാലിയും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം, | 22.2 | 2019 |
| 15 | നെന്മാറയും സമീപ പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീ കരണം പാക്കേജ്-1 | 24.5 | 2019 |
| 16 | കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12.00 | 2020 |
| 17 | വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തല് | 16.5 | 2020 |
| 18 | പെരുനാട്-അത്തിക്കയം വില്ലേജുകളുടെ  വിതരണശൃംഖല മെച്ചപ്പെടുത്തൽ പാക്കേജ്-1 | 41.4 | 2019 |
| 19 | ചീക്കോട് കുടി വെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ | 26.00 | 2019 |
| 20 | കല്ലുവാതു ക്കല്-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം | 27.00 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |
| 21 | അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി പാക്കേജ് -1 | 10.00 | 2019 |
| 22 | തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി പാക്കേജ് -1 | 22.00 | 2019 |
| 23 | താനൂർ മുനിസിപ്പാലിറ്റിയും സമീപ 4 പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി പാക്കേജ്-1 ഉം 2 ഉം | 100.00 | 2019 |

Renuka Sankar
സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ (കോടി രൂപ) |
|---|---|---|
| 1 | കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | 195 |
| 2 | തിരുവനന്തപുരം നെയ്യാർ ബദൽ സ്രോതസ്സ് | 150 |
| 3 | മഞ്ചേരി പ്രാന്തപ്രദേശ കുടിവെള്ളപദ്ധതി | 14 |
| 4 | കിഴക്കൻമല കുടിവെള്ളപദ്ധതി | 35 |
| 5 | പൂമറ്റം, കല്ലൂപ്പാറ, കോയിപ്രം, എഴുമറ്റൂർ കുടിവെള്ള പദ്ധതി | 60 |
| 6 | അങ്കമാലി ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി | 116 |
| 7 | മലമ്പുഴയിലെ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് | 75 |
| 8 | മുദാക്കൽ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ പുരോഗമന പ്രവർത്തനങ്ങൾ | 10 |
| 9 | ആല-പുലിയൂർ ബുധനൂർ പാനാട് കുടിവെള്ളപദ്ധതി | 40 |
| 10 | രാമൻചാടി - അലിഗർ കുടിവെള്ളപദ്ധതി | 90 |
| 11 | എ.ആർ നഗർ പഞ്ചായത്തിൽ സമഗ്ര കുടിവെള്ളപദ്ധതി | 20 |
| 12 | എലവഞ്ചേരി - പല്ലശന സമഗ്ര കുടിവെള്ള പദ്ധതി | 20 |
| 13 | എടവണ്ണ പഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ളപദ്ധതി രണ്ടാം ഘട്ടം | 20 |
| 14 | ഏറ്റുമാനൂരിൽ കുടിവെള്ളപദ്ധതി | 30 |
| 15 | വാഴി, കിഴക്കഞ്ചേരി- വടക്കഞ്ചേരി - കണ്ണമ്പ്ര സമഗ്ര ശുദ്ധജലവിതരണ പദ്ധതി (രണ്ടാം ഘട്ടം) | 75 |
| 16 | കരിമ്പുകായം കുടിവെള്ളപദ്ധതി | 20 |
| 17 | കരുമല്ലൂർ പഞ്ചായത്ത് ശുദ്ധജലവിതരണപദ്ധതി | 25 |
| 18 | കാരോട് - സമ്പൂർണ്ണ കുടിവെള്ളപദ്ധതി | 86 |
| 19 | സമഗ്രകുടിവെള്ള പദ്ധതി, കരിമ്പ | 25 |
| 20 | ചിറയിൻകീഴ് മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി | 10 |
| 21 | പേരാവൂർ മുഴകുന്ന് പഞ്ചായത്തുകൾക്കുള്ള കുടിവെള്ളപദ്ധതി | 25 |

| | | |
|---|---|---|
| 22 | കോട്ടുകാൽ പഞ്ചായത്തിനെയും അതിയന്നൂർ പഞ്ചായ ത്തിനെയും ഉൾപ്പെടുത്തി ട്രീറ്റഡ് കുടിവെള്ളപദ്ധതി | 25 |
| 23 | തോട്ടപ്പുഴശ്ശേരി, കോയിപ്രം, ഇരവിപേരൂർ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി | 25 |
| 24 | തലക്കുളത്തൂർ നാരായണഞ്ചിറ കുടിവെള്ളപദ്ധതി | 20 |
| 25 | തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കുടിവെള്ളപദ്ധതി | 25 |
| 26 | അയ്യപ്പൻകോവിൽ കുടിവെള്ളപദ്ധതി | 25 |
| 27 | ചാത്തന്നൂർ കുടിവെള്ളപദ്ധതി | 30 |
| 28 | പായം അയ്യൻകുന്ന് പഞ്ചായത്തുകൾക്കുള്ള കുടിവെള്ളപദ്ധതി | 25 |
| 29 | ഫറോക്ക് കരുവന്തിരുത്തി കുടിവെള്ളപദ്ധതി | 10 |
| 30 | നാട്ടിക ഫർക കുടിവെള്ളപദ്ധതി | 25 |
| 31 | ചാഴൂർ അന്തിക്കാട് താന്ന്യം കുടിവെള്ളപദ്ധതി | 15 |
| 32 | ഇടയൂർ-ഇരമ്പിളിയം-വളാഞ്ചേരി കുടിവെള്ളപദ്ധതി | 75 |
| 33 | പട്ടാഴി വടക്കേക്കര തലവൂർ കുടിവെള്ള പദ്ധതി | 45 |
| 34 | കോടശ്ശേരി, പരിയാരം, ആതിരപ്പള്ളി പഞ്ചായ ത്തുകൾക്കു കുടിവെള്ളപദ്ധതി | 35 |
| 35 | തൃപ്പങ്കയത്ത് തടയണ നിർമ്മാണവും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും | 10 |
| 36 | കരുവാട്ടൂർ പൂളക്കടവ് ചെക്ക് ഡാം | 20 |
| 37 | പുഴയ്ക്കൽ തടയണ | 25 |
| 38 | നിലാപ്പറമ്പിൽ തടയണ നിർമ്മിക്കൽ | 65 |
| 39 | തിരുവേഗപ്പുറ പൈലിപ്പുറം എടപ്പാലം എന്നിവിടങ്ങളിൽ തടയണ നിർമ്മാണം | 10 |
| 40 | കാഞ്ഞിരക്കോട് പാത്രമംഗലം വരെ സംരക്ഷണവും തടയണ നിർമ്മാണവും | 25 |
| 41 | വേങ്ങേരി പരോപ്പടി ജലാശയം | 20 |
| 42 | പുളിമാത്ത് ,നഗരൂർ ,കരവാരം പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി | 20 |

മേൽ പദ്ധതികളുടെ സാധ്യതാ പഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരവും ഭരണാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

Renuka Sankar
സെക്ഷൻ ഓഫീസർ

# അമൃത് പദ്ധതികൾ

| നം | പദ്ധതിയുടെ പേര് | തുക കോടിയിൽ | പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന വര്ഷം |
|---|---|---|---|
| 1 | തിരുവനന്തപുരം നഗരകുടിവെള്ള പദ്ധതി – അരുവിക്കരയിൽ 76എം.എൽ.ഡി. ജലശുദ്ധീകരണശാല നിർമ്മാണം | 25.00 | 2020 |
| 2 | തിരുവനന്തപുരം നഗരകുടിവെള്ള പദ്ധതി – പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, നിലവിലുള്ള നീട്ടൽ | 15.00 | 2020 |
| 3. | കൊല്ലം നഗരസഭ കുടിവെള്ള പദ്ധതി – വിപുലീകരണം- പുതിയ 100 എം.എൽ.ഡി. ജലശുദ്ധീകരണശാല, മറ്റ് അനുബന്ധ പണികൾ | 60.07 | 2020 |
| 4. | ആലപ്പുഴ മുനിസിപ്പാലിറ്റി കുടിവെള്ളവിതരണ പദ്ധതി – പുതിയ ടാങ്ക് സ്ഥാപിയ്ക്കൽ, പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ | 115.00 | 2020 |
| 5. | കൊച്ചി നഗരസഭ കുടിവെള്ള പദ്ധതി – ജലവിതരണശൃംഖല വിപുലീകരണം, പുതിയ ടാങ്ക് നിർമ്മിയ്ക്കൽ, പൈപ്പുകൾ നീട്ടൽ, പുതിയവ സ്ഥാപിക്കൽ | 114.05 | 2020 |
| 6 | തൃശ്ശൂർ നഗരസഭ കുടിവെള്ള വിതരണ പദ്ധതി – പൈപ്പുകളുടെ പുനരുദ്ധാരണം, നീട്ടൽ പുതിയവ സ്ഥാപിക്കൽ, കൂടാതെ പീച്ചിയിൽ 20 എം.എൽ.ഡി. ജലശുദ്ധീകരണശാല നിർമ്മാണം | 97.25 | 2020 |
| 7 | പാലക്കാട് മുനിസിപ്പാലിറ്റിയിൽ കുടിവെള്ള പദ്ധതി – പുതിയ പൈപ്പ് സ്ഥാപിക്കൽ, പുതിയ ടാങ്കുകളുടെ നിർമ്മാണം, പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ, 45 എം.എൽ.ഡി. ജലശുദ്ധീകരണശാല | 99.33 | 2020 |
| 8 | ഗുരുവായൂർ മുനിസിലിറ്റി കുടിവെള്ള വിതരണ പദ്ധതി – ജലവിതരണശൃംഖലയുടെ വിപുലീകരണം, പുതിയ ടാങ്കുകളുടെ നിർമാണം | 112.36 | 2020 |
| 9 | കോഴിക്കോട് നഗരസഭ കുടിവെള്ള വിതരണ പദ്ധതി – പഴകിയ പൈപ്പുകളുടെ പുനസ്ഥാപിക്കലും വിപുലീകരണവും | 78.45 | 2020 |
| 10 | കണ്ണൂർ നഗരസഭ കുടിവെള്ള പദ്ധതി – പുതുതായി ചേർത്ത വാർഡുകളിൽ കുടിവെള്ള വിതരണത്തിനായി പുതിയ ടാങ്ക് സ്ഥാപിക്കൽ, പൈപ്പുകളുടെ പുനരുദ്ധാരണം, പുതിയവ സ്ഥാപിക്കൽ കൂടാതെ 30 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ ശേഷി 40 എം.എൽ.ഡി.ആയി ഉയർത്തൽ | 72.77 | 2020 |

Renjalla Sankar
സെക്ഷൻ ഓഫീസർ

| നമ്പർ | പദ്ധതിയുടെ പേര് | തുക കോടിയിൽ | പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന വർഷം |
|---|---|---|---|
| | **നബാർഡ്** | | |
| 1 | വെളിയമറ്റം, ആലക്കോട് എന്നീ വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി | 5.65 | 2020 |
| 2 | കരിമണ്ണൂർ, ഉടുംബണ്ണൂർ, കോടിക്കുളം ,വണ്ണപ്പുറം എന്നീ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി | 12 | 2020 |
| 3 | അറക്കുഴ , പാലക്കുഴ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി | 13.5 | 2020 |
| 4 | ഇഞ്ചത്തൊട്ടി, കട്ടമ്പുഴ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള മിനി വാട്ടർ സപ്ലൈ സ്കീം | 0.92 | 2020 |
| 5 | പള്ളിച്ചൽ , ബാലരാമപുരം ,വിളവൂർക്കൽ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതിയുടെ ബാക്കിയുള്ള പണികൾ | 10.24 | 2019 |
| 6 | പട്ടുവത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ജിക്ക കുടിവെള്ള പദ്ധതി –ഒന്നാം ഘട്ടത്തിന്റെ ബാക്കി പണികൾ | 14.95 | 2017 |
| | **സ്റ്റേറ്റ് പ്ലാൻ** | | |
| 1 | മല്ലപ്പള്ളി ആനിക്കാട് കോട്ടങ്ങൾ(ഭാഗികം) പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ജലവിതരണ പദ്ധതി | 24 | 2020 |
| 2 | തിരുവനന്തപുരം നഗരത്തിനും സമീപ പഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനു നെയ്യാർ ഡാം സ്രോതസ്സായുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി നെയ്യാർ ഡാമിൽ 120 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം | 60 | 2020 |
| 3 | വിളക്കുടി പഞ്ചായത്തിലെ കരിയറയ്ക്ക് വേണ്ടിയുള്ള ജലവിതരണ പദ്ധതി | 2.95 | 2018 |
| 4 | പട്ടുവത്തിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ജിക്ക കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം | 52.5 | 2018 |
| | **ഗ്രീൻ ബുക്ക്** | | |
| 1 | കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല- മൂന്നാം ഘട്ടം | 14.66 | പി.ഡബ്ല്യു.ഡി യിൽ നിന്ന് അനുവാദം ലഭ്യമായാൽ 15 മാസത്തിനുള്ളിൽ |
| 2 | പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, കോയിപ്പുറം, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 42.35 | 2020 |
| 3 | അയിരൂർ, കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടം | 28 | 2019 |
| | ആര്യാട് പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം | 4.99 | 2020 |
| 4 | ഹരിപ്പാടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി | 35 | 2020 |
| 5 | ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിക്കും വടവന്നൂർ പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 15 | 2019 |

സെക്ഷൻ ഓഫീസർ